# ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്

ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

മനുഷ്യനായവതരിച്ച ഈശോമിശിഹായെക്കുറിച്ചുള്ള വെളിപാടാണ് ദനഹാക്കാലത്തിന്റെ മുഖ്യപ്രമേയം. മിശിഹായ്ക്കു വഴിയൊരുക്കാനായി ദൈവത്താൽ അയയ്ക്കപ്പെട്ട യോഹന്നാൻ മാംദാന അവിടുത്തെ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി പരിചയപ്പെടുത്തുന്നതാണ് ഇന്നത്തെ സുവിശേഷം. യോഹന്നാന്റെ സുവിശേഷത്തിന് സമാന്തര സുവിശേഷങ്ങളിൽനിന്നു വ്യത്യസ്തമായ കാഴ്ചപ്പാടും അവതരണരീതിയുമാണുള്ളത്. സുവിശേഷാമുഖത്തിൽ യോഹന്നാൻ മാംദാനയെ യോഹന്നാൻ ശ്ലീഹാ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്:"ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു-വെളിച്ചത്തിനു സാക്ഷ്യം നല്കാൻ. അവൻ വഴി എല്ലാവരും വിശ്വസിക്കാൻ" (യോഹ 1,6-7). ലോകത്തിന്റെ പ്രകാശമായ മിശിഹായ്ക്കു മാംദാന സാക്ഷ്യം വഹിക്കുന്ന രംഗമാണ് ഇന്നത്തെ സുവിശേഷഭാഗം (യോഹ1,29-34).സമവീക്ഷണ സുവിശേഷങ്ങളിൽ കാണുന്ന, ഈശോ മാമ്മോദീസാ സ്വീകരിക്കുന്ന രംഗം യോഹന്നാന്റെ സുവിശേഷത്തിലില്ല. എന്നാൽ, ആ സംഭവത്തെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ യോഹന്നാന്റെ വിവരണത്തിലാണുള്ളത്. ജലം കൊണ്ടു സ്നാനം നല്കാനായി മാംദാനയെ അയച്ച ദൈവം മിശിഹായെക്കുറിച്ചു കൃത്യമായ വിവരങ്ങൾ അദ്ദേഹത്തിനു നല്കിയിരുന്നു: ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നതായി കാണുന്നുവോ അവനാണു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നല്കുന്ന ദൈവപുത്രൻ (യോഹ 1,33) എന്നതായിരുന്നു ആ വെളിപാട്. ഇതു നേരിട്ടു കണ്ട യോഹന്നാൻ മാംദാനയുടെ സാക്ഷ്യം ഇപ്രകാരമാണ്: "ആത്മാവ് പ്രാവിനെപ്പോലെ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന് അവന്റെമേൽ ആവസിക്കുന്നതു ഞാൻ കണ്ടു" (യോഹ. 1,32). ഇവനെ ഇസ്രായേലിനു വെളിപ്പെടുത്താൻവേണ്ടിയാണ് താൻ സ്നാനം നല്കിയതെന്നും മാംദാന കൂട്ടിച്ചേർത്തു. മാമ്മോദീസായുടെ വേളയിൽ ഈശോയെക്കുറിച്ചു തനിക്കുണ്ടായ ദൈവിക വെളിപാടിന്റെ വെളിച്ചത്തിലാണ് യോഹന്നാൻ മിശിഹായെക്കുറിച്ചു സാക്ഷ്യപ്പെടുത്തി സംസാരിച്ചത്. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് "ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ1,29): ഇതാണ് യോഹന്നാൻ മാംദാനയ്ക്ക് ദൈവപുത്രനായ ഈശോമിശിഹായെക്കുറിച്ചു സാക്ഷ്യപ്പെടുത്തുവാനുണ്ടായിരുന്നത്. ഈ സാക്ഷ്യത്തിന്റെ

അർത്ഥം മനസ്സിലാകണമെങ്കിൽ, പഴയനിയമത്തിലെ കുഞ്ഞാടിനെക്കുറിച്ചറിയണം. അവിടെ കുഞ്ഞാട് പ്രത്യക്ഷപ്പെടുന്നതു ബലിവസ്തുവായാണ്. ലേവ്യരുടെ പുസ്തകം പതിനാറാം അദ്ധ്യായത്തിൽ പാപപരിഹാര ദിനത്തിലെ രണ്ടു കുഞ്ഞാടുകളെക്കുറിച്ചു പരാമർശമുണ്ട്. ഒന്നിനെ ജനത്തിന്റെ പാപത്തിനുള്ള പരിഹാരബലിയായി അർപ്പിക്കാനുള്ളതാണ്. മറ്റേതിന്റെ തലയിൽ കൈകൾവച്ച് അഹറോൻ ഇസ്രായേൽജനത്തിന്റെ എല്ലാ അകൃത്യങ്ങളും പാപങ്ങളും ഏറ്റുപറയേണ്ടിരുന്നു (ലേവ്യ16,20-22). അവയെല്ലാം അതിന്റെ ശിരസ്സിൽ ചുമത്തി, മരുഭൂമിയിലേക്ക് വിടുകയായിരുന്നു പതിവ്. ഇപ്രകാരം, ഇസ്രായേൽജനത്തിന്റെ കുറ്റങ്ങൾ വഹിച്ചുകൊണ്ട് വിജനപ്രദേശത്തേക്കു പോയിരുന്ന കുഞ്ഞാടിനെ അനുസ്മരിപ്പി ക്കുന്നതായിരുന്നു ഈശോയെക്കുറിച്ചു യോഹന്നാൻ മാംദാന ചെയ്ത പ്രസ്താവന. പാപപരിഹാരദിനത്തിലെ കുഞ്ഞാട് ഇസ്രായേൽ ജനത്തിന്റെ പാപങ്ങളാണു വഹിച്ചിരുന്നതെങ്കിൽ, ദൈവത്തിന്റെ കുഞ്ഞാടായ മിശിഹാ ലോകം മുഴുവന്റെയും പാപങ്ങൾ വഹിക്കുന്നു എന്നാണു മാംദാനയുടെ സാക്ഷ്യത്തിന്റെ അർത്ഥം. നമ്മുടെ പാപങ്ങൾക്കുള്ള പരിഹാരബലിവസ്തുവാണ് നസ്രായനായ ഈശോമിശിഹാ. ഏശയ്യാ നിവ്യായിലെ സഹന ദാസനെക്കുറിച്ചുള്ള വിവരണവുമായി കൂട്ടിവായിക്കുമ്പോഴാണ് സ്നാപകയോഹന്നാന്റെ വാക്കുകളുടെ അർത്ഥം പൂർണമായി വ്യക്തമാവുക. ഏശയ്യാദീർഘദർശി സഹന ദാസനെ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "അവൻ നിന്ദിക്കപ്പെട്ടു. നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്... നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേല്പ്പിക്കപ്പെട്ടു. അവന്റെമേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു... അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽനില്ക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു" (ഏശ 53,4-7). പീലാത്തോസിന്റെ ചോദ്യങ്ങൾക്കു മറുപടിയൊന്നും നല്കാതെ നിശബ്ദനായി നില്ക്കുന്ന ഈശോയിൽ (യോഹ 19,9) ഏശയ്യായിലെ കുഞ്ഞാടിനെയാണു നമ്മൾ കാണുന്നത്. ഈശോമിശിഹാ കുരിശിൽ ബലിയായി അർപ്പിക്കപ്പെട്ടപ്പോൾ മാംദാനയുടെ ഈ പ്രവചനം പൂർത്തിയായി.

**രക്തംചിന്തിയകുഞ്ഞാട്-**എപ്രകാരമാണ് ഈശോ ജനത്തിന്റെ പാപത്തിനുള്ള പരിഹാരമാകുന്നത് എന്ന അന്ത്യത്താഴവേളയിലെ അവിടുത്തെ വാക്കുകളിൽനിന്നു വ്യക്തമാണ്. സ്വന്തശരീരവും രക്തവും നമുക്കായി നല്കിയപ്പോൾ അവിടുന്നു യഥാർത്ഥ പെസഹാക്കുഞ്ഞാടായി തീരുകയായിരുന്നു. "ഇത് അനേകരുടെ പാപങ്ങളുടെ

മോചനത്തിനായി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു" (മത്താ 26,28) എന്നു പറയുമ്പോൾ കുരിശിലെ തന്റെ മരണത്തിന്റെ രക്ഷാകരമായ അർത്ഥം അവിടുന്നു വ്യക്തമാക്കുകയായിരുന്നു. പെസഹാക്കുഞ്ഞാടായ മിശിഹായുടെ കറയും കളങ്കവുമില്ലാത്ത അമൂല്യരക്തംകൊണ്ടു രക്ഷിക്കപ്പെട്ടവരാണു നമ്മൾ എന്നു വിശുദ്ധ പത്രോസ്ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (1പത്രോ1,19).

**അറക്കപ്പെട്ട നിലയിൽ നില്ക്കുന്ന കുഞ്ഞാട്** -യോഹന്നാൻ ശ്ലീഹായ്ക്കുണ്ടായ ദർശനത്തിൽ ഒരു കുഞ്ഞാട് പ്രത്യക്ഷപ്പെടുന്നുണ്ട്. "അറക്കപ്പെട്ട നിലയിൽ ഒരു കുഞ്ഞാട് നില്ക്കുന്നതായി ഞാൻ കണ്ടു" (വെളി 5,6) എന്നാണു വിശുദ്ധ യോഹന്നാൻ അതെക്കുറിച്ചു രേഖപ്പെടുത്തുന്നത്.അറക്കപ്പെട്ട കുഞ്ഞാടിന് എങ്ങനെ നില്ക്കാനാവും എന്നു നമ്മൾ ചിന്തിച്ചേക്കാം.മരണശേഷം ഉയിർത്ത ഈശോമിശിഹായെയാണിതു സൂചിപ്പിക്കുന്നത്. അവിടുന്ന് ഇന്നും ജീവിക്കുന്നവനാണ്.തിരുസഭയിൽ ആദിമനൂറ്റാണ്ടുമുതൽ ഉത്ഥിതനായ മിശിഹായെ പ്രതീകാത്മകമായി അവതരിപ്പിക്കാനായി കൊലചെയ്യപ്പെട്ട, എന്നാൽ ജീവനോടെയിരിക്കുന്ന കുഞ്ഞാടിനെ ചിത്രീകരിക്കാറുണ്ട്. സിഹാംസനസ്ഥന്റെ കൈയ്യിലുണ്ടായിരുന്ന മുദ്രിതഗ്രന്ഥം സ്വീകരിച്ചു തുറന്നത് ഈ കുഞ്ഞാടാണ് (വെളി 5,8). സ്വർഗീയദൂതന്മാരുടെ ആയിരങ്ങളും പതിനായിരങ്ങളും ഇപ്രകാരം ഉദ്ഘോഷിച്ചു: "അറക്കപ്പെട്ട കുഞ്ഞാട്, ശക്തിയും സമ്പത്തും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തുതിയും സ്വീകരിക്കാൻ അർഹനാകുന്നു" (വെളി 5,12). ഈ കുഞ്ഞാടിന്റെ മുദ്രയും പേരും നെറ്റിയിലുള്ളവരാണ് വെള്ളവസ്ത്രധാരികളായ രക്ഷിക്കപ്പെട്ടവർ (വെളി 14,1-5). വലിയ ഞെരുക്കങ്ങളിലൂടെ കടന്നുവന്ന അവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകിവെളുപ്പിച്ചവരാണ് (വെളി 7,14). അവരുടെ സ്തുതി ഇപ്രകാരമായിരുന്നു: "രക്ഷ സിംഹാസനസ്ഥനായ നമ്മുടെ ദൈവത്തിലും കുഞ്ഞാടിലുമാകുന്നു" (വെളി 7,10). കുഞ്ഞാട് അവരെ ജീവജലത്തിന്റെ ഉറവയിലേക്കു നയിക്കും (വെളി. 7,17). അവർക്കു കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ പങ്കുചേരാം (വെളി. 19,7-10). ദൈവത്തിന്റെ പുതിയ ലോകത്തിൽ, പുതിയ ഓർശ്ലെമിൽ, സർവ്വാധിപനായ കർത്താവും കുഞ്ഞാടുമാണ് ദൈവാലയം. സൂര്യനോ ചന്ദ്രനോ ഇല്ലാത്ത ആ ദൈവാലയത്തിന്റെ വിളക്ക് കുഞ്ഞാടാണ് (വെളി 21,22-23). യോഹന്നാൻ മാംദാനയും യോഹന്നാൻശ്ലീഹായും നല്കുന്ന സാക്ഷ്യങ്ങൾ സ്വീകരിച്ച് ലോകത്തിന്റെ പ്രകാശവും ദൈവത്തിന്റെ കുഞ്ഞാടുമായ ഈശോമിശിഹായിൽ വിശ്വസിച്ച്, ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന സ്വർഗീയ വിശ്രമത്തിൽ നമ്മൾ പ്രവേശിക്കണം എന്നാണ് ഹെബ്രായലേഖകൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത് (ലേഖനവായന).

# ഇതാ, ദൈവത്തിന്റെ കുഞ്ഞാട്

ഫാ. മാത്യു ചേന്നാട്ട്

മിശിഹായുടെ പ്രത്യക്ഷീകരണത്തെപ്പറ്റിയും പരസ്യജീവിതത്തെപ്പറ്റിയും ധ്യാനിക്കുന്ന ദനഹാക്കാലത്തിൽ സ്നാപകയോഹന്നാനിലൂടെ ദൈവം നൽകുന്ന വലിയ വെളിപാടാണു നമ്മൾ ഇന്നു ധ്യാനിക്കുന്നത്. "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). പഴയനിയമ സംഭവങ്ങളെല്ലാം മിശിഹായിലേക്കു വിരൽചൂണ്ടുന്നതാണ് എന്ന് വി. അഗസ്റ്റിന്റെ വാക്കുകൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ഈ വി. ഗ്രന്ഥഭാഗം നമുക്കു ധ്യാനിക്കാം. ഇന്നത്തെ ആദ്യവായനയിൽ അടിമത്തത്തിൽനിന്നു മോചനം പ്രാപിച്ച്, വാഗ്ദാനദേശം ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങുന്ന ഇസ്രായേൽ ജനത്തിന്റെ പരാതി മോശ ദൈവത്തെ അറിയിക്കുന്നതാണ്. മോശ ദൈവത്തോടു ചോദിക്കുന്നു: "ഈ ജനങ്ങൾക്കെല്ലാം നൽകാൻ എവിടെനിന്നു മാംസം കിട്ടും? ഞങ്ങൾക്കും ഭക്ഷിക്കാൻ മാംസം തരുക എന്നു പറഞ്ഞ് അവർ കരയുന്നു" (സംഖ്യ 11:14). ജനത്തിന് അപ്പവും ജലവും മാംസവും നൽകാൻ മോശ ദൈവത്തോട് ആവശ്യപ്പെട്ടതിന്റെ ഫലമായി ദൈവം അവർക്ക് ആവശ്യമായത് നൽകുന്നു. വാഗ്ദാനനാട്ടിലേക്ക് പ്രവേശിക്കാനാവശ്യമായതെല്ലാം ദൈവം അവർക്കു യാത്രയിൽ നൽകുന്നു. ഇസ്രായേൽക്കാരുടെ ഈ യാത്ര ഒരു പ്രതീകമായിരുന്നു എന്ന് നമുക്കറിയാം. സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന ആരാധനാസമൂഹമായ സഭയുടെ പ്രതീകം. ഇതു സൂചിപ്പിച്ചുകൊണ്ടാണ് ഇന്നത്തെ ലേഖനഭാഗത്ത് ഹെബ്രായലേഖകൻ പറയുന്നത്: "അവിടുന്നു നൽകുന്ന വിശ്രമത്തിലേക്കു പ്രവേശിക്കുമെന്ന വാഗ്ദാനം നിലനിൽക്കു മ്പോൾത്തന്നെ അതിൽ പ്രവേശിക്കാൻ കഴിയാത്തവരായി നിങ്ങളിൽ ആരെങ്കിലും കാണപ്പെടുമോ എന്നു നാം ഭയപ്പെടണം" (ഹെബ്രാ. 4:1).

വാഗ്ദാനദേശത്തു പ്രവേശിക്കുന്നവർ ദൈവം തരുന്ന അപ്പവും മാംസവും ജലവും സ്വീകരിച്ച്, കർത്താവു കല്പിക്കുന്ന പാതയിൽ മുന്നോട്ടു നീങ്ങുന്നവരാകണം. ഈശോ പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവനു ണ്ടായിരിക്കുകയില്ല. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (യോഹ. 6:53, 56). നമ്മൾ ഭക്ഷിക്കേണ്ടതു മിശിഹായുടെ ശരീരമാണ്; അവന്റെ രക്തമാണ്. വി. പത്രോസ് ശ്ലീഹാ എഴുതി... "നിങ്ങളുടെ ഈ പ്രവാസകാലത്ത് ഭയത്തോടെ ജീവിക്കുവിൻ. പിതാക്കന്മാരിൽ നിന്ന് നിങ്ങൾക്കു ലഭിച്ച വ്യർത്ഥമായ ജീവിതരീതിയിൽനിന്ന് നിങ്ങൾ വീണ്ടെടുക്കപ്പെട്ടതു നശ്വരമായ

വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ? കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ രക്തം കൊണ്ടത്രേ'' (1പത്രോ. 1:19).

ഈശോയാണ് ദൈവജനത്തിനു വാഗ്ദാനം ചെയ്യപ്പെട്ട കുഞ്ഞാട്. ''ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. പുറപ്പാട്: 12.11 മുതലുള്ള വാക്യങ്ങളിൽ ഇസ്രായേൽക്കാരുടെ വിമോചനാർത്ഥം അർപ്പിക്കപ്പെട്ട കുഞ്ഞാടിനെ അവതരിപ്പിക്കുന്നു. ഈ പെസഹാക്കുഞ്ഞാട് തന്റെ രക്തംകൊണ്ട് ഇസ്രായേൽജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, തേനും പാലും ഒഴുകുന്ന വാഗ്ദാന ഭൂമിയിലേക്കാനയിച്ചു. പുതിയ നിയമത്തിലെ അജഗണങ്ങളെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാനാണ് യേശുവാകുന്ന കുഞ്ഞാട് വന്നത്. ബലിയർപ്പിക്കാനായി മോറിയദേശത്തെ ഉയർന്ന മലയിലേക്കു പോകുന്ന അബ്രാഹത്തോട് ഇസഹാക്ക് ചോദിക്കുന്നചോദ്യമുണ്ടല്ലോ:''ബലിയർപ്പിക്കാനുള്ള കുഞ്ഞാടെവിടെ?'' അബ്രാഹം പറഞ്ഞു: ''ദൈവം തരും''. അബ്രാഹത്തിന്റെ വാക്കുകൾ ഇവിടെയാണ് യഥാർത്ഥത്തിൽ പൂവണിയുന്നത്. ''ഇതാ ദൈവത്തിന്റെ കുഞ്ഞാട്''.ബലിയർപ്പിക്കാനൊരുങ്ങിയ അബ്രാഹം തന്റെ പിന്നിൽ മുൾച്ചെടികൾക്കിടയിൽ കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെ കണ്ടു. തലയിൽ മുൾമുടി ചൂടി കുരിശിൽ തറയ്ക്കപ്പെടാനായി നിൽക്കുന്ന മിശിഹാ യഹൂദരുടെ രാജാവിന്റെ ചിത്രം മാത്രമല്ല, അബ്രാഹം കണ്ട ആടിന്റെ സ്മരണയും നമ്മിൽ ഉണർത്തുന്നു. സഭാപിതാവായ തെർത്തുല്യൻ എഴുതി: ''കുറ്റിക്കാട്ടിൽ കൊമ്പുകളാൽ ഉടക്കപ്പെട്ട മുട്ടനാട് അദ്ദേഹത്തിനു പകരം ബലിയർപ്പിക്കപ്പെട്ടു. അതുപോലെ യഥാകാലം മിശിഹാ കുരിശുമരം തന്റെ തോളിൽ വഹിക്കുകയും തലയിൽ മുൾമുടിയോടെ കുരിശിന്റെ അഗ്രങ്ങളിൽ നിന്നും തൂക്കപ്പെടുകയും ചെയ്തു. മിശിഹായാണ് മനുഷ്യവംശത്തിന്റെ പാപം നീക്കുന്ന കുഞ്ഞാട്. അവനിലേക്കു നോക്കാനും അവനെ അനുഗമിക്കാനുമുള്ള ക്ഷണമാണു സ്നാപകൻ നമുക്കു നൽകുന്നത്.'' ''സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്ത്വവും ആധിപത്യവും'' (വെളി. 5:13)

# പാപം നീക്കുന്ന കുഞ്ഞാട്

ഫാ. ജോർജ് ദാനവേലിൽ

ജനുവരിമാസത്തിലെ ആദ്യ ആഴ്ചയിലെ പല ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമൊക്കെ കഴിഞ്ഞുപോയ വർഷത്തിൽ സമൂഹത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ വ്യക്തികളെക്കുറിച്ചുള്ള വാർത്തകളുമായാണ് പുറത്തിറങ്ങിയത്. അവരവരുടെ പ്രവർത്തനമണ്ഡലങ്ങളിൽ ഈ മഹത്വ്യക്തികൾ കൈവരിച്ച വിജയങ്ങളെ ക്കുറിച്ചുള്ള ഒട്ടേറെ വിവരണങ്ങളുമുണ്ടായിരുന്നു. ഇതു കണ്ടിട്ടാവാം ജനുവരി രണ്ടാം വാരത്തിലെ ഒരു മലയാള ദിനപത്രത്തിൽ ഒരു പത്രപ്രവർത്തകൻ മഹത്വ്യക്തികളെ നിശ്ചയിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡംകൂടി നിർദ്ദേശിക്കുകയുണ്ടായി. ഒരു വ്യക്തി തന്റെ കർമ്മപഥത്തിൽ എത്ര മാത്രം വിജയിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കരുത് മഹാനായി ഗണിക്കപ്പെടുക, അതോടൊപ്പം തന്റെ വ്യക്തി ജീവിതത്തിലും പ്രവർത്തനമണ്ഡലങ്ങളിലും എത്രപേരെ വളർത്തി വലുതാക്കി എന്നതിന്റെ അടിസ്ഥാനത്തിൽ കൂടിയാകണം, വ്യക്തികളുടെ മഹത്വം നിർണ്ണയിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. ഈ മാനദണ്ഡം കൂടി സ്വീകരിച്ചു പലരെയും വിലയിരുത്തുമ്പോഴാണു വലിയവരെന്നു നാം ഗണിച്ചിരുന്ന പലരും അത്ര വലിയ ഹൃദയത്തിനുടമകളായിരുന്നില്ല എന്ന സത്യം മനസ്സിലാക്കുക.

ഇന്നത്തെ സുവിശേഷത്തിൽ (യോഹ.1.29-34) നാം കാണുക, തന്റെ അടുത്തേക്കു വരുന്ന ഈശോയെ നോക്കി, "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാട്. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു ഞാൻ പറഞ്ഞത് ഇവനെപ്പറ്റിയാണ്. കാരണം എനിക്കു മുമ്പുതന്നെ ഇവനായിരുന്നു" (യോഹ: 23-30), എന്നു പറയുന്ന യോഹന്നാനെയാണ്. തങ്ങളെ നയിക്കാനായി രക്ഷിക്കാനായി ഒരു വിമോചകനെ - മിശിഹായെ - പ്രതീക്ഷിച്ചിരുന്ന യഹൂദജനതയിൽ ഒരു വിഭാഗം,യോഹന്നാനിൽ ആ മിശിഹായെ കണ്ടെത്തി യോഹന്നാന്റെ ചുറ്റും തിങ്ങിക്കൂടി. യോഹന്നാനെ കണ്ട് 'ഇവൻ തന്നെയാണോ മിശിഹാ' എന്നു ചിന്തിച്ചു തുടങ്ങിയ ജനത്തെക്കുറിച്ചു വി. ലൂക്കാ സുവിശേഷകനും വിവരിക്കുന്നുണ്ട് (ലൂക്കാ: 3.16). അങ്ങനെ ഒരു വിമോചകൻ, രക്ഷകൻ എന്നെല്ലാം അവകാശപ്പെടാൻ തനിക്ക് എല്ലാം സാഹചര്യവും ഒത്തിണങ്ങുമ്പോഴാണ് "എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു പറഞ്ഞത് ഇവനെക്കുറിച്ചാണ്"എന്നുപറഞ്ഞ്, ഈശോക്കു വഴി മാറിക്കൊടുക്കാൻ യോഹന്നാൻ തയ്യാറാവുക. ശൈശവം തൊട്ടു വാർദ്ധക്യംവരെ വിടാതെ നമ്മെ പിന്തു

ടരുന്ന താൻപോരിമയുടെ ഈഗോയുമായി ജീവിക്കുന്ന നാം, ഇവിടെയാണു സ്നാപകയോഹന്നാന്റെ മഹത്ത്വവും ഹൃദയത്തിന്റെ വലിപ്പവും ദർശിക്കേണ്ടത്. സ്നാപകയോഹന്നാൻ ഈശോയെ വിശേഷിപ്പിക്കുക "ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ്. പാപമുക്തിക്കായി യഹൂദർ സ്വീകരിച്ചിരുന്ന മാർഗ്ഗമായിരുന്നു ആടിനെയോ കാളയെയോ ബലിയർപ്പിക്കുക എന്നത്. എല്ലാ വർഷവും ഏഴാം മാസം പത്താം ദിവസം പാപ പരിഹാരദിനമായി യഹൂദർ ആചരിച്ചുപോന്നു. ലേവ്യരുടെ പുസ്തകം 16-ാം അദ്ധ്യായത്തിൽ ഈ ദിനം എങ്ങനെ ആചരിക്കണമെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പുരോഹിതൻ തന്റെയും ജനത്തിന്റെയും പാപങ്ങൾക്കു പരിഹാരമായി കാളക്കുട്ടിയെയും കോലാടിനെയും കൊന്ന് അവയുടെ രക്തം വിശുദ്ധ സ്ഥലത്തും ജനങ്ങളുടെ മേലും തളിക്കുന്നു. അതുപോലെ മറ്റൊരു കോലാടിന്റെ തലയിൽ കൈകൾ വച്ച്, ഇസ്രായേൽജനങ്ങളുടെ എല്ലാ അകൃത്യങ്ങളും പാപങ്ങളും ഏറ്റുപറഞ്ഞ്, എല്ലാം ആ മൃഗത്തിന്റെ മേൽ ആരോപിക്കും. തുടർന്ന് ആടിന്റെ രോമം വലിച്ചുപറിച്ച് അതിനെ മർദ്ദിച്ച്, മരുഭൂമിയിൽ കൊണ്ടുപോയി കൊല്ലുന്നു. ഇങ്ങനെ ആടിനെ വധിക്കുന്നതിലൂടെ തങ്ങളുടെ പാപങ്ങൾക്കു പരിഹാരം നിർവ്വഹിച്ചുവെന്ന ധാരണയിൽ ജനങ്ങൾ സങ്കീർത്തനങ്ങൾ ആലപിച്ച്, ദൈവത്തെ സ്തുതിക്കും.

ഇതുപോലുള്ള അനുഷ്ഠാനങ്ങൾ നിർവ്വഹിച്ചിരുന്ന ഇസ്രയേൽസമൂഹത്തിൽ പാപ പരിഹാരത്തിനുള്ള കുഞ്ഞാടിനെക്കുറിച്ചുള്ള ധാരണ രൂഢമൂലമായിരുന്നു. ഇസ്രായേലിൽ നിലനിന്ന ഈ ചിന്താഗതിയുടെ പശ്ചാത്തലത്തിലാണ് ഏശയ്യ പ്രവചിക്കുക, 'കൊല്ലാനുള്ള കുഞ്ഞാടിനെപ്പോലെ അവൻ കൊലക്കളത്തിലേക്കു കൊണ്ടുപോകപ്പെട്ടു. അവൻ ഒന്നും ഉരിയാടിയില്ല. നമ്മുടെ പാപങ്ങളാണ് അവൻ വഹിച്ചത്. നമ്മുടെ രോഗങ്ങളാണ് അവൻ ചുമന്നത്. പാപപരിഹാരബലിയായി തന്നെത്തന്നെ അവൻ നല്കി.' ഇസ്രായേല്യരുടെ മനസ്സിൽ നിലവിലിരുന്ന ചിന്താഗതിയുടെ തുടർച്ചയായിട്ടാണ് വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള ഏശയ്യാപ്രവാചകന്റെ ഈ പ്രവചനം. ഈശോയെ കണ്ട യോഹന്നാൻ വിളിച്ചുപറയുക, "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ്. മനുഷ്യകുലത്തിന്റെ മുഴുവൻ പാപങ്ങൾക്കുമായി ബലിയർപ്പിക്കുവാനുള്ള കുഞ്ഞാടാണ് ഈശോ എന്നു ജനത്തിനു പരിചയപ്പെടുത്തുകയായിരുന്നു യോഹന്നാൻ. ഈശോയുടെ രക്ഷാകരദൗത്യം മുഴുവൻ മുന്നിൽ കണ്ടുകൊണ്ടാണു യോഹന്നാൻ ഈശോയെ കുഞ്ഞാടായി ചിത്രീകരിക്കുക.

പുറപ്പാടിന്റെ പുസ്തകത്തിൽ ഇസ്രയേൽക്കാരുടെ വിമോചനാർത്ഥം ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടിനെ അവതരിപ്പിക്കുന്നുണ്ട്. ഈ പെസഹാക്കുഞ്ഞാട്, തന്റെ രക്തം കൊണ്ട് ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, തേനും പാലുമൊഴുകുന്ന വാഗ്ദാനദേശത്തേക്ക് ആനയിക്കുന്നതിൽ നിർണ്ണായകദൗത്യം വഹിച്ചു. അതുപോലെ പുതിയ നിയ

മത്തിലെ കുഞ്ഞാടായ ഈശോ, തന്റെ രക്തം  വിലയായി നല്കി മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ ബന്ധനത്തിൽ നിന്നു മോചിപ്പിച്ചു സ്വർഗ്ഗീയജെറുസലേമിലേക്ക് ആനയിക്കും എന്നാണ്, ഈശോയെക്കുറിച്ച് "ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന പ്രസ്താവനയിലൂടെ യോഹന്നാൻ  വ്യക്തമാക്കുക. ഈശോയുടെ പീഡാനുഭവവും മരണവും അതിലൂടെ മനുഷ്യവർഗ്ഗത്തിനു കൈവരുന്ന രക്ഷയെയുമൊക്കെ സൂചിപ്പിക്കുവാൻ 'കുഞ്ഞാട്' എന്ന നാമത്തേക്കാൾ  അനുയോജ്യമായ ഒരു പദമില്ല.

മനുഷ്യകുലത്തിന്റെ മുഴുവൻ പാപങ്ങൾക്കും പരിഹാരമായി ഈശോ തന്നെത്തന്നെ ബലിയർപ്പിച്ചു. ഇതിന്റെ അനുസ്മരണമാണല്ലോ വി. കുർബാന. കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിനും സ്വർഗ്ഗീയ  ജീവിതത്തിനും നമ്മെ അർഹരാക്കുന്നതാണ് വി. കുർബാന. രക്ഷകനെ  അന്വേഷിച്ചെത്തിയവരെ ഈശോയെ ചൂണ്ടിക്കാണിച്ച് 'ദൈവത്തിന്റെ കുഞ്ഞാട്' എന്നു പറഞ്ഞ് യോഹന്നാൻ പറഞ്ഞയച്ചു. "ഇതാ ലോകത്തിന്റെ കുഞ്ഞാട്" എന്ന് ഈശോയെ ചൂണ്ടിക്കാണിച്ചു യോഹന്നാൻ പറഞ്ഞത് അന്നത്തെ ഇസ്രായേൽജനത്തിനു വേണ്ടി  മാത്രമായിരുന്നില്ല, നമുക്കുവേണ്ടിക്കൂടിയാണ് എന്നു നമുക്കു മറക്കാതിരിക്കാം. ഇന്നു  രക്ഷകനെത്തേടി വിമോചനത്തിന്റെ സദ്വാർത്തയന്വേഷിച്ചു നടക്കുന്ന ജനത്തിനു മനുഷ്യരക്ഷയ്ക്കായി തന്റെ ജീവിതം തന്നെ ബലിയർപ്പിച്ച ഈശോയുടെ ബലിയുടെ  അനുസ്മരണമായ വി.കുർബാനയിൽ രക്ഷകനെ ദർശിക്കാൻ സാധിക്കണം. എല്ലാ ബലിയർപ്പണത്തിന്റെയും ലക്ഷ്യം  ദൈവവുമായി അനുരഞ്ജനപ്പെടുക എന്നതാണല്ലോ. ഇതു സാധ്യമാകണമെങ്കിൽ ഈശോ പഠിപ്പിച്ചു, "നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും നീരസം ഉണ്ടെന്നു തോന്നുന്നുെങ്കിൽ ആദ്യം സഹോദരനോടു രമ്യപ്പെടുക" എന്ന്. ഇത് എന്നു നമുക്കു സാദ്ധ്യമാകുന്നുവോ അപ്പോൾ നമ്മുടെ ബലിയർപ്പണം കടങ്ങളുടെ  പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും നിത്യജീവനിലുള്ള പങ്കുചേരലിനും  കാരണമാകും. അപ്പോഴാണ് വി. കുർബാനയിലുള്ള പങ്കുചേരൽ ഒരു രക്ഷാകര അനുഭവമാവുക. ഇതിനുള്ള കൃപക്കായി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.